ഷ്ണൻ ടി കോളനിയിൽ രാഹുൽ ഭവനത്തിലെ രാധാകൃഷ്ണൻ എന്നിവർക്കെതിരെ ഒരു പരാതി മാവേലിക്കര പോലീസ് സി.ഐ.യ്ക്ക് നൽകിയിരുന്നു. അന്വേഷണം നടത്തി പരാതിക്കാരൻ സ്വയം വീടിനു നാശനഷ്ടമുണ്ടാക്കിയെന്ന് വെളിവായിട്ടുണ്ട്.

(ബി)&(സി) പരാതിയിലെ ആരോപണം സത്യമല്ലാതിരുന്നതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

72 (2382) കെ. കുഞ്ഞുകുട്ടി സമർപ്പിച്ച പരാതി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ്, പള്ളിക്കൽ നടുവിലെമുറി കൊയ്പ്പള്ളിത്തറയിൽ കെ. കുഞ്ഞുകുട്ടി തന്റെ കുടുംബാംഗങ്ങൾക്കെതിരായ പീഡനത്തിനും കള്ളക്കേസ്സുകൾക്കും എതിരെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രതികൾക്കെതിരെ പട്ടികജാതി പീഡനനിരോധന നിയമപ്രകാരം കേസ്സെടുത്ത് ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കൊയ്പ്പള്ളിത്തറയിൽ കുഞ്ഞുകുട്ടി ജില്ലാ കളക്ടർ മുഖേന നൽകിയ പരാതി ആലപ്പുഴ ജില്ലാപോലീസ് സൂപ്രണ്ടിന് ലഭിച്ചിട്ടുള്ളതും ആയത് ചെങ്ങന്നൂർ ഡിവൈ.എസ്.പി.ക്ക് അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയയ്ക്കുകയും, പരാതി മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽ പരാതിയിലെ സംഗതി കളവാണെന്ന് വെളിവായിട്ടുള്ളതുമാണ്. അന്വേഷണ റിപ്പോർട്ട് പരാതിയോടൊപ്പം ജില്ലാ കളക്ടർക്ക് 10-3-2000-ത്തിൽ അയച്ചിട്ടുള്ളതുമാണ്. ഇതുകൂടാതെ ടി കുഞ്ഞുകുട്ടി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നൽകിയ പരാതി ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിനു അയച്ചുകൊടുത്തത് ആലപ്പുഴ ക്രൈം ഡിറ്റാച്ചുമെന്റ് ഡിവൈ.എസ്.പി.ക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുള്ളതും 21-2-2000-ത്തിൽ ഇരു കക്ഷികളേയും ക്രൈം ഡിറ്റാച്ചുമെന്റ് ഓഫീസിൽ വിളിച്ചുവരുത്തി പ്രശ്നപരിഹാരം കണ്ട് മേലിൽ യാതൊരു പ്രശ്നങ്ങളുണ്ടാക്കരുതെന്ന് താക്കീതു ചെയ്ത് വിട്ടയച്ചിട്ടുള്ളതുമാണ്.

73 (2383) വിനോദിന്റെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്ന ആവശ്യം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ എടഗുനി വിനോദിന്റെ മരണം കൊലപാതകമാണെന്നും സംസ്ഥാന പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നുമുള്ള ആവശ്യത്തിൻമേൽ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേസ്സിൽ സംസ്ഥാന പോലീസിന്റെ അന്വേഷണം എവിടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ കേസ്സിൻമേൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുള്ളതും ഇതൊരു തൂങ്ങിമരണമാണെന്ന് വെളിവായിട്ടുള്ളതുമാണ്.

74 (2384) സ്കൂൾകെട്ടിടം തീവച്ചത് സംബന്ധിച്ച്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തേവലക്കര പാലയ്ക്കൽ മുസ്ലീം മാനേജ്മെന്റ് എൽ.പി.എസ്. കെട്ടിടം 18-1-99-ൽ തീവയ്ക്കാൻ ശ്രമിക്കുകയും 19-2-99-ൽ കെട്ടിടം തീവയ്ക്കുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേസ്സിനെ സംബന്ധിച്ച ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റക്കാരെ കണ്ടെത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

75 (2385) ബിനോയിയെ മർദ്ദിച്ച സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാർത്ഥി ബിനോയിയെ മർദ്ദിക്കുകയും പണം അപഹരിക്കുകയും ചെയ്തതിന് ആർക്കൊക്കെ എതിരെയാണ് കേസ്സ് എടുത്തിരിക്കുന്നത്;

(ബി) ഇവർക്കെതിരെ എന്തെല്ലാം കുറ്റങ്ങൾക്കാണ് കേസ്സ് എടുത്തിരിക്കുന്നത്;

(സി) ബിനോയിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സിൽ ലഘുവായ കുറ്റങ്ങൾ മാത്രം ചുമത്തുവാനുള്ള കാരണമെന്താണ്;

(ഡി) ബിനോയിയുടെ മൊഴിയിൽ കയ്യിലുണ്ടായിരുന്ന രൂപ വച്ചിരുന്ന പേഴ്സ് പോലീസ് ബലം പ്രയോഗിച്ച് എടുത്തു എന്ന് പറഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുകൊണ്ട് ഗൗരവമായ ഈ കുറ്റകൃത്യങ്ങൾക്ക് കേസ്സ് എടുത്തില്ലാ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കേസ്സിലെ പ്രതികൾ ആരെങ്കിലും ജാമ്യം എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly